പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 7197

11.07.2014-ൽ
മറുപടിയ്ക്ക്

# അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ചകിരി സംഭരണം

| ചോദ്യം<br>ശ്രീ. പി.കെ.ഗുരുദാസൻ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ചകിരി സംഭരണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) അന്യസംസ്ഥാനത്തു നിന്നും സർക്കാർ നിർദ്ദേശപ്രകാരം രൂപീകരിച്ച കമ്മറ്റി നിശ്ചയിച്ച വില പ്രകാരം കയർഫെഡ് ചകിരി സംഭരിച്ചിട്ടുണ്ട്. കയർ സഹകരണ സംഘങ്ങളും സ്വകാര്യ സംരംഭകരും അന്യസംസ്ഥാനത്തിൽ നിന്ന് നേരിട്ടും ചകിരി സംഭരിച്ചു വരുന്നു. |
| ബി) ഈ സർക്കാരിന്റെ കാലയളവിൽ എത്ര ടൺ ചകിരി സംഭരിച്ചു എന്നറിയിക്കുമോ? | ബി) ഈ സർക്കാരിന്റെ കാലയളവിൽ കയർഫെഡ് 4375.87 ടൺ ചകിരി സംഭരിച്ചിട്ടുണ്ട്. സഹകരണസംഘങ്ങൾ നേരിട്ട് സംഭരിച്ച ചകിരിയുടെയും, സ്വകാര്യ സംരംഭകർ സംഭരിക്കുന്ന ചകിരിയുടെയും കണക്ക് ലഭ്യമല്ല. |
| സി) സംഘങ്ങൾക്ക് ചകിരി നൽകുന്ന രീതി എങ്ങനെയാണ് എന്നറിയിക്കുമോ; | സി) സംഘങ്ങൾ സ്വകാര്യ വ്യക്തികളിൽ നിന്നും അന്യസംസ്ഥാനത്തു നിന്നും ചകിരി വാങ്ങുന്നുണ്ട്. ചിറയിൻകീഴ് പ്രോജക്ടിനു കീഴിലെ സംഘങ്ങൾ തൊണ്ട് വാങ്ങി അഴുക്കി അതിൽ നിന്നുള്ള ചകിരിയാണ് ഉപയോഗിക്കുന്നത്. എന്നാൽ ചകിരിക്ഷാമം രൂക്ഷമായ സമയത്ത് സർക്കാർ നിർദ്ദേശ പ്രകാരം കയർഫെഡ് പുറമെനിന്നും ചകിരി വാങ്ങി സബ്സിഡി നിരക്കിൽ സംഘങ്ങൾക്ക് നൽകി. |
| ഡി) ഇതിനുവേണ്ടി എത്ര തുക ചെലവഴിച്ചു എന്നറിയിക്കുമോ; | ഡി) കയർഫെഡ് ചകിരി സംഭരിച്ചവകയിൽ 12.06 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | |
|---|---|
| ഇ) സംഘങ്ങൾക്ക് സബ്സിഡി ഇനത്തിൽ എത്ര തുക നൽകിയെന്നും ഇനി നൽകാനുള്ള തുക എത്രയെന്നും അറിയിക്കുമോ; | ഇ) സംഘങ്ങൾക്ക് സബ്സിഡി നിരക്കിൽ ചകിരിയാണ് കയർഫെഡ് മുഖാന്തരം നൽകിയത്. ഇപ്രകാരം സംഘങ്ങൾക്ക് ചകിരി നൽകിയ വകയിൽ വേണ്ടിവന്ന സബ്സിഡി തുക 3.32 കോടി രൂപയാണ്. |
| എഫ്) ഇനിയും നൽകാനുള്ള തുക അടിയന്തരമായി കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | എഫ്) ഉത്തരം 'ഇ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ